# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3749.

17-10-2011-ൽ മറുപടിക്ക്

### കമാന്റ് ഏരിയാ ഡവലപ്മെന്റ് അതോറിറ്റി (കാഡ) നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം:

ശ്രീ. ജി.എസ്.ജയലാൽ

ഉത്തരം:

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കമാന്റ് ഏരിയാ ഡവലപ്മെന്റ് അതോറിറ്റി (കാഡ) കഴിഞ്ഞ അഞ്ചു വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ? | (എ) പെരിയാർ വാലി, കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ ജലസേചനപദ്ധതികളിലാണ് കഴിഞ്ഞ അഞ്ചുവർഷം കാഡ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. പൂർത്തികരിച്ച ജലസേചനപദ്ധതികളുടെ ആയക്കെട്ട് പ്രദേശങ്ങളിൽ ഫീൽഡ് ചാനലുകൾ നിർമ്മിച്ചുകൊണ്ട് കൃഷിയിടങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുകയും ഫീൽഡ് ഡ്രെയിനുകൾ നിർമ്മിച്ചും മറ്റു വെള്ളക്കെട്ടുനിവാരണപ്രവർത്തനങ്ങൾ നടത്തിയും ഭൂമിയെ കൃഷിയോഗ്യമാക്കുകയും ചെയ്യുക, ഉപയോഗ ശൂന്യമായി കിടക്കുന്ന ഡിസ്ട്രിബ്യൂട്ടറി കനാലുകളിൽ അറ്റകുറ്റ പണികൾ നടത്തി അവ ഉപയോഗപ്രദമാക്കുക, പുതിയ കൃഷിരീതികളെപ്പറ്റിയും വിത്തിനങ്ങളെപ്പറ്റിയുമൊക്കെ കൃഷികാർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി മാതൃകാ കൃഷി പ്ലോട്ടുകൾ തുടങ്ങുക, പരിശീലനം നടത്തുക, കർഷകർക്ക് സബ്സിഡി, ഗ്രാന്റ് തുടങ്ങിയവ വിതരണം ചെയ്യുക എന്നീ പ്രവർത്തനങ്ങളാണ് കാഡ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.<br><br>2011 മാർച്ച് വരെ കാഞ്ഞിരപ്പുഴ പദ്ധതിയിൽ 6520 ഹെക്ടർ സ്ഥലത്തും പഴശ്ശി പദ്ധതിയിൽ 1361.75 ഹെക്ടർ സ്ഥലത്തും കല്ലട പദ്ധതിയിൽ 225 ഹെക്ടർ സ്ഥലത്തും ജലസേചനസൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. പെരിയാർവാലി പദ്ധതിയിലെ കാഡ പ്രവർത്തനങ്ങൾ 01-01-2009 തോടുകൂടി അവസാനിപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതി മുഖേന 32800 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. |

| | |
|---|---|
| | പാലക്കാട് ജില്ലയിലെ 10 കുളങ്ങളുടെയും പത്തനംതിട്ട ജില്ലയിലെ 12 കുളങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേന്ദ്രസഹായത്തോടുകൂടി (75% സി.എസ്.എസ്) ഒരു പൈലറ്റ് പ്രോജക്ടായി കാഡയുടെ കീഴിൽ നടപ്പിലാക്കി. ഈ പദ്ധതിമുഖേന 128.36803 ലക്ഷം രൂപ ചിലവിൽ പാലക്കാട് ജില്ലയിൽ 540 ഹെക്ടർ പ്രദേശത്തും 124.479 ലക്ഷം രൂപ ചിലവിൽ പത്തനംതിട്ട ജില്ലയിൽ 549 ഹെക്ടർ പ്രദേശത്തും ജലസേചനസൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനം 2011-12 വർഷത്തിൽ എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നതെന്നും, പദ്ധതികളുടെ വിശദാംശങ്ങളും അറിയിക്കുമോ? | (ബി) 2011-12 വർഷത്തിൽ 8.25 കോടി രൂപയാണ് കാഡയുടെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.<br><br>2011-12 വർഷത്തിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

(Rs in Thousands )

| ...ME OF SCHEMES | 2705-00-101-86 PERIYAR PROJECT | 2705-00-101-82 PAZHASSI | 2705-00-101-81 KANHIRAPUZHA | 2705-00-101-80 PROJECT HQrs. | 2705-00-101-79 KALLADA (New Project) | 2705-00-101-75 MUVATTUPUZHA VALLEY | [illegible] "CADA CELL" | TOTAL |
|---|---|---|---|---|---|---|---|---|
| ...Y SPONSORED SCHEMES ) | | | | | | | | |
| | | 7000 | 7000 | 10000 | 9500 | 300 | | 33800 |
| ...dy | | 80 | 130 | | 200 | | | 410 |
| ...& Design | | 150 | 160 | | 100 | | | 410 |
| ...utlet to 5-8 Ha. Block | | 4500 | 4500 | | 3000 | 400 | | 12400 |
| | | 2500 | 2600 | | 5000 | 100 | | 10200 |
| | | 120 | 800 | | 100 | | | 1020 |
| | | 110 | 200 | | 150 | | | 460 |
| | | 800 | 1400 | | 1500 | | | 3700 |
| ...d by State Government/Authority | | 25 | 200 | | 26 | | | 251 |
| ...d by Government of India | | 5 | 3 | | 5 | | | 13 |
| ...: | | 10 | 7 | | 15 | | | 32 |
| ...aterlogged areas | | 1200 | 2200 | | 6750 | 1200 | | 11350 |
| ...n Deficiencies (New Component ) | 1000 | 500 | 1800 | | 2654 | | | 4954 |
| | 1000 | 17000 | 21000 | 10000 | 29000 | 2000 | | 80000 |
| ...CAL LEVEL WATER RESOURCES DEVELOPMENT MANAGEMENT | | | | | | | | 2500 |
| GRAND TOTAL | | | | | | | | 82500 |

സെക്ഷൻ ഓഫീസർ